ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഉപഭോക്താവ് വഹിക്കണം എന്നുള്ള ഉത്തരവ്

58 (896) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഉപഭോക്താവ് വഹിക്കണം എന്നു സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനുമുമ്പ് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിച്ചിരുന്നത് ആരായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസ്ക്തമല്ല

വൈദ്യുതിയുടെ വിലവർദ്ധന

59 (897) ശ്രീ. കെ. ബാബു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ വില വർദ്ധിപ്പിച്ചത് തങ്ങളുടെ വിജയമാണെന്ന് സംസ്ഥാന വൈദ്യുതിബോർഡുമായി ബന്ധമുള്ള ഏതെങ്കിലും വിദേശ കമ്പനികളുടെ അവകാശം ഉന്നയിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്ക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly